കോടതി ഉത്തരവുമൂലം നിറുത്തിവയ്ക്കേണ്ടിവന്നിട്ടുള്ള സർവ്വീസു്

* 628[18] ശ്രീ. കെ. കൃഷ്ണപിള്ള : താഴെകാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽനിന്നും ആരംഭിച്ചിട്ടുള്ള എത്തെല്ലാം സർവ്വീസുകളും കോടതിയിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുമൂലം നിറുത്തിവയ്ക്കേണ്ടതായി വന്നിട്ടുണ്ടു്;

(ബി) തിരുവനന്തപുരം—മൂഴിയാർ ഫാസ്റ്റു് പാസഞ്ചർ സർവ്വീസു് നിറുത്തിവച്ചതു എന്തുകൊണ്ടാണു് ;

(സി) ഈ സർവ്വീസു തുടർന്നു നടത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ടു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തിരുവനന്തപുരം—മൂഴിയാർ ഫാസ്റ്റു് പാസഞ്ചർ സർവ്വീസു്.

(ബി കോടതിയിൽനിന്നും ഉണ്ടായ നിരോധന ഉത്തരവുമൂലം.

(സി സ്റ്റേറ്റു് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറു് പ്രസ്തുത റൂട്ട ദേശവൽക്കരിക്കുന്നതിനു് നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ബസ്സു് റൂട്ടുകൾ

* 629 [22] ശ്രീ. വയലാ ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്തെല്ലാം ബസ്സു് റൂട്ടുകൾ നാഷനലൈസു് ചെയ്യുന്നതിനു് ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടു് ;

(ബി) പുനലൂർ—പത്തനംതിട്ട റൂട്ടു് ഉടനെ നാഷനലൈസു് ചെയ്യുന്നതിനു് ഉദ്ദേശമുണ്ടോ ;

(സി) പുനലൂർ—പത്തനംതിട്ട റൂട്ടിൽക്കൂടി എത്ര ട്രാൻസ്പോർട്ട ബസ്സുകളാണു് ഓടുന്നുണ്ടു് ;

(ഡി) എത്ര ട്രിപ്പുകൾ ഓടുന്നുണ്ടു്;

(ഈ) പ്രസ്തുത റൂട്ടിൽക്കൂടി എത്ര സ്വകാര്യ ബസ്സുകൾ എത്ര ട്രിപ്പു് ഓടുന്നുണ്ടു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി) തൽക്കാലം പരിപാടിയൊന്നുമില്ല.

(സി) ഉണ്ടു്.

(ഡി) അഞ്ചു്.

(ഈ) പതിനാറു ബസ്സുകളും ഇരുപത്തിനാലു ട്രിപ്പുകളും ഓടിക്കുന്നുണ്ടു്.

വിദ്യാലയങ്ങൾക്കു് പുതിയ കെട്ടിടം പണി

* 630 [25] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962–63 സാമ്പത്തിക വർഷത്തിൽ എത്ര വിദ്യാലയങ്ങൾക്കു് പുതിയ കെട്ടിടം പണിയുകയുണ്ടായി ;

(ബി) ഓരോ ജില്ലയിലേയും തരം തിരിച്ചു കണക്കു് പറയാമോ;

(സി) കെട്ടിടങ്ങൾ പണിയുന്നതിനുവേണ്ടി ഓരോ ജില്ലയിലും ചെലവഴിച്ച മൊത്തം സംഖ്യ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly